ഖുത്ബ
17.11.2006
ബയ്ത്തുൽഫുതൂഹ്, ലണ്ടൻ

# റബ്ബുൽ ആലമീൻ
# സർവ്വലോക പരിപാലകൻ

**അ**ല്ലാഹുവിന്റെ ഒരു സിഫത്ത് അഥവാ നാമ വിശേഷണമാണ് റബ്ബ് എന്നത്. ഈ ഗുണത്തിന്റെ പ്രകടനവും വിളംബരവും വിശുദ്ധഖുർആനിലെ ആദ്യ അദ്ധ്യായത്തിൽതന്നെ അല്ലാഹു നടത്തിയിരിക്കുന്നു. ***ബിസ്മില്ലാഹിർറഹ്മാനിർറഹീം*** എന്നതിനുശേഷം ***അൽഹംദുലില്ലാഹി റബ്ബിൽആലമീൻ*** എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അതായത്, എല്ലാത്തരം സ്തുതിക്കും സർവ്വലോകപരിപാലകനായ അല്ലാഹു തന്നെയാണ് അർഹൻ. റബ്ബ് എന്ന പദത്തിന്റെ അർത്ഥം ഖുർആൻ വ്യാഖ്യാതാക്കളും നിഘണ്ടുകർത്താക്കളും വളരെ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒരു വസ്തുവിനെ സൃഷ്ടിച്ച് അതിന്റെ പരമമായ അവസ്ഥവരെ എത്തിക്കുന്നതിനിടയിൽ എത്രയെത്ര ഘട്ടങ്ങളുണ്ടോ അതെല്ലാം ഈ പദം ഉൾക്കൊള്ളുന്നുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തഫ്സീറെ കബീറിൽ വിവിധ നിഘണ്ടുവിൽനിന്നുള്ള ഉദ്ധരണിയിലൂടെ ഇത് വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് റബ്ബ് എന്നതിന്റെ അർത്ഥം ഏതെങ്കിലും വസ്തുവിനെ സൃഷ്ടിച്ചു പടിപടിയായി അതിനെ പൂർണ്ണനിലയിൽ എത്തിക്കുക എന്നതാണ്. (മുഫ്റദാത്ത്) മനുഷ്യനെ സംബന്ധിച്ചും അറബിഭാഷയിൽ ഈ പദമുപയോഗിക്കാറുണ്ട്. അത് പരിപാലനം അഥവാ തർബിയ്യത്തിന്റെ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. മാതാപിതാക്കൾക്കു വേണ്ടി റബ്ബ് എന്ന പദം വിശുദ്ധഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. ***റബ്ബിർഹം ഹുമാ കമാ റബ്ബയാനീ സ്വഗീറാ*** എന്റെ റബ്ബേ, ഇവരിൽ കരുണ ചൊരിഞ്ഞാലും കാരണം എന്റെ കുട്ടിക്കാലത്ത് ഇവർ എന്നെ പരിപാലിച്ച് വളർത്തിയവരാണ്. അഖ്റബ് എന്ന നിഘണ്ടുവിൽ മാലിക് അഥവാ ഉടമസ്ഥൻ എന്നും റബ്ബിന് അർത്ഥമുണ്ടെന്നെഴുതിയിരിക്കുന്നു. അപ്രകാരംതന്നെ നേതാവെന്നും വിധേയനെന്നും പരിവർത്തനകാരിയെന്നും റബ്ബിന് അർത്ഥമുണ്ട് (അഖ്റബ്). ബഹ്റെ മുഹീത് എന്ന നിഘണ്ടുവിൽ റബ്ബിന് സ്രഷ്ടാവെന്നും അർത്ഥമുണ്ടെന്ന് പറഞ്ഞിരിക്കുന്നു. റബ്ബ് എന്ന പദം സമാസമില്ലാതെ അല്ലാഹുവിനുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നതെന്ന് മുഫറദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. സമാസത്തോടുകൂടി അല്ലാഹുവിനും അല്ലാഹുവല്ലാത്തവർക്കും വേണ്ടി ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന് ***റബ്ബുക്കും വ റബ്ബു ആബായിക്കുമുൽ അവ്വലീൻ*** ഇവിടെ റബ്ബ് എന്ന പദത്തോടൊപ്പം 'കും' എന്ന പദവും 'ആബായിക്കും' എന്ന പദവും ചേർത്തുപറഞ്ഞിരിക്കുന്നു. അതായത് നിങ്ങളുടെ റബ്ബ് നിങ്ങളുടെ പൂർവ്വപിതാക്കളുടെ റബ്ബ്. ഇത് ഇളാഫത്ത് അഥവാ സമാസമാണ്. ഇപ്രകാരംതന്നെ അല്ലാഹുവിന് പുറമെ മറ്റേതെങ്കിലും വസ്തുവിനോടൊപ്പം റബ്ബ് എന്ന പദം ചേർത്തുപറയുമ്പോൾ അത് സമാസത്തോടുകൂടിയേ പറയാനൊക്കൂ. അതിന് വിശദീകരണം ആവശ്യമാണ്. ഉദാഹരണത്തിന് റബ്ബുദ്ദാർ. വീടിന്റെ ഉടമസ്ഥൻ. അല്ലെങ്കിൽ റബ്ബുൽഫറസ് കുതിരയുടെ ഉടമസ്ഥൻ. റബ്ബ് എന്ന പദം തനിച്ച് എവിടെയൊക്കെ ഉപയോഗിച്ചാലും അത് അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കും ഉപയോഗിക്കുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശ്വാസയോഗ്യവും സുപ്രസിദ്ധവുമായ ലിസാനുൽ അറബ്, താജുൽ ഉറൂസ് എന്നീ നിഘണ്ടുവിൽ അറബിഭാഷയിൽ റബ്ബ് എന്ന പദം ഏഴ് അർത്ഥത്തിൽ ഉപയോഗിക്കാറുണ്ടെന്ന് എഴുതിയിരിക്കുന്നു. അതിതാണ്: മാലിക്, സയ്യിദ്, മുദബ്ബിർ, മുറബ്ബി, ഖയ്യിം, മുൻഇം, മുത്തമ്മിം. ഇതിൽ മൂന്നെണ്ണം അല്ലാഹുവിന്റെ വ്യക്തിപരമായ മഹത്വത്തെ ചൂണ്ടിക്കാണിക്കുന്നു. തന്റെ സൃഷ്ടിയിൽ പരിപൂർണ്ണ നിയന്ത്രണമുള്ള ആൾക്കാണ് അറബിഭാഷയിൽ മാലിക് എന്നു പറയുന്നത്. അതായത് തന്റെ കീഴിലുള്ളവരുടെ മേൽ പരിപൂർണ്ണമായ നിയന്ത്രണം ഉണ്ടായിരിക്കണം. താനുദ്ദേശിക്കുന്ന നിലയിൽ അവരെ പിടിച്ചു നിർത്താൻ കഴിയണം. പങ്കുകാരാരുമില്ലാതെ അവരുടെമേൽ അവകാശമുണ്ടായിരിക്കണം. ഈ പദം യഥാർത്ഥമായ നിലയിൽ അതായത്, അതിന്റെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനോ

ടല്ലാതെ മറ്റാരുമായും ചേരുകയില്ല. കാരണം പരിപൂർണ്ണമായ ആധിപത്യവും നിയന്ത്രണവും അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. പരിപൂർണ്ണമായ നിലയിൽ എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുംവിധം അതിന്റെ മേൽ അധികാരവും അവകാശവും ഉണ്ടായിരിക്കണം. ഈ ഗുണം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. മാലിക് എന്ന പദത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ വിശദീകരണമാണ് ഇവിടെപ്പറഞ്ഞത്. ഈ പദത്തിന്റെ കൂടുതൽ വിശാലത അറിയുന്നതിനായി ബാക്കിപറഞ്ഞിട്ടുള്ള പദങ്ങളെ സംബന്ധിച്ചും ചുരുക്കിപ്പറയാം. അസ്സയ്യിദ് എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ആദരവ്, മാന്യത എന്നീ അർത്ഥങ്ങളിലാണ് പ്രസ്തുത പദം ഉപയോഗിക്കുന്നത്. ഓരോ ഇനത്തിലും ഏറ്റവും ഉന്നതമായതിനെ സയ്യിദ് എന്നു പറയും. ഉദാഹരണത്തിന് ***അൽഖുർആനു സയ്യിദുൽ കലാം***. എല്ലാ ഗ്രന്ഥങ്ങളുടേയും സയ്യിദാണ് വിശുദ്ധഖുർആൻ. സയ്യിദ് എന്നതിന്റെ അർത്ഥം ഉന്നതൻ, നായകൻ, മാന്യൻ. ഇവരെ അനുസരിക്കൽ നിർബ്ബന്ധമായിരിക്കണം. ***അൽമുദബ്ബിർ*** എന്ന പദം റബ്ബ് എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. ***ദബറ*** എന്നതിന്റെ അർത്ഥം (ആളുടെ) പിന്നാലെ വരിക അല്ലെങ്കിൽ പിൻഗാമിയായി വരിക എന്നാണ്. ***ദബറൽ അംറാ*** എന്നതിന്റെ അർത്ഥം ഏതെങ്കിലും കാര്യത്തെക്കുറിച്ച് പര്യാലോചിക്കുക. അല്ലെങ്കിൽ ശരിയായ ഫലം ഉണ്ടാകുംവിധം ഏതെങ്കിലും കാര്യത്തിന് തുടക്കം കുറിക്കുക. ***അൽമുദബ്ബിർ*** എന്നതിന്റെ വിവക്ഷിതം, എല്ലാ കാര്യങ്ങളുടേയും അവസാനഫലത്തെ വീക്ഷിക്കുന്നവൻ, അതിനെ ശരിയായ ഫലം ഉളവാകുംവിധം നോക്കി നടത്തുന്നവൻ എന്നാണ്. ***അൽഖയ്യിം*** ഏതെങ്കിലും വസ്തുവിന്റെ സൂക്ഷിപ്പുകാരൻ- നന്നാക്കുന്നവൻ. അല്ലാഹുവിനെ സംബന്ധിച്ച് ***അൽഖയ്യിം*** എന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം അവൻ ജനങ്ങളുടെ ജോലി നിർവ്വഹിക്കുന്നവനും അവരെ സഹായിക്കുന്നവനും ശരിയായ വഴിയിൽ നിലനിർത്തുന്നവനും എന്നാണ്. ***അൽമുൻഇം***. 'നഉമ' എന്നതിന്റെ അർത്ഥം ഒരു വസ്തു മൃദുലമായി എന്നാണ്. ഇതിൽനിന്നാണ് നിഅ്മത്ത് നിഷ്പന്നമായത്. ഇതിന്റെ അർത്ഥം സുസ്ഥിതി, സന്തോഷാവസ്ഥ എന്നാണ്. ഇനാം എന്നതിന്റെ അർത്ഥം ആർക്കെങ്കിലും ക്ഷേമമോ നന്മയോ എത്തിക്കുക അല്ലെങ്കിൽ ഔദാര്യം ചെയ്യുക എന്നാണ്. അപ്പോൾ ***അൽമുൻഇം*** എന്നതിന്റെ അർത്ഥം നന്മയും ഐശ്വര്യവും സന്തോഷവും നൽകുന്നവൻ, മറ്റുള്ളവരോട് ഔദാര്യം ചെയ്യുന്നവൻ എന്നായി. പിന്നീട് പറഞ്ഞൊരു പദമാണ് ***മുതിമ്മുൻ-മുതമ്മിം***. ഇത് തമാം എന്ന പദത്തിൽനിന്ന് നിഷ്പന്നമാണ്. ഏതെങ്കിലും ഒരു വസ്തു തികവാർന്നതാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യം ഒന്നിനേയും ആശ്രയിക്കാത്ത വണ്ണം അത് അതിന്റെ പരിപൂർത്തി പ്രാപിച്ചു എന്നാണ്. ***അൽമുതമ്മിം, അൽമുതിമ്മുൻ*** എന്നതിന്റെ വിവിക്ഷിതം എല്ലാ ജോലിയും പൂർത്തീകരിക്കുന്നവൻ, എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നവൻ, എല്ലാ കുറവുകളും അകറ്റുന്നവൻ, ദരിദ്രരുടെ വിശപ്പകറ്റുന്നവൻ. ഈ അർത്ഥങ്ങളെല്ലാം ഒന്നിച്ചു പറയുകാണെങ്കിൽ അതിങ്ങനെയായിരിക്കും: അത്യുന്നതനും അതിശ്രേഷ്ഠനും അത്യാദരണീയനുമായ ആ അസ്തിത്വത്തെ അംഗീകരിക്കേണ്ടത് നിർബ്ബന്ധമാണ്. അവന്റെ പ്രവൃത്തിയിൽ തെറ്റുകൾ ഉണ്ടാകാനേ സാദ്ധ്യതയില്ല. ഏത് പ്രവർത്തിയുടെയും അന്തിമഫലവും അവനറിയാം. അതുകൊണ്ട് അവനിൽനിന്ന് മാർഗ്ഗദർശം തേടേണ്ട ആവശ്യമുണ്ട്. അവൻ തന്നെയാണ് തന്റെ സൃഷ്ടികളുടെജോലി നിർവ്വഹിക്കുന്നതും അവര് സഹായിക്കുന്നതും ശരിയായ വഴിയിൽ വെക്കുന്നതും. മനുഷ്യരുടെ ക്ഷേമത്തിനും സന്തോഷത്തിനുമുള്ള സാഹചര്യം അവനൊരുക്കുന്നു. അവരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചുകൊടുക്കുന്നത് അവനാണ്. പ്രവർത്തനങ്ങൾക്കു വേണ്ടുന്ന ശക്തിയുടെയും കഴിവിന്റേയും ഉടമസ്ഥനാണവൻ. അവൻ പരാശ്രയരഹിതനാണ്. അവൻ സകലത്തിന്റേയും അധികാരിയാണ്. ഇതൊക്കെയാണ് റബ്ബ് എന്ന പദത്തിന്റെ വിശദീകരണം.

വിശുദ്ധഖുർആനിൽ അല്ലാഹു തന്നെ കുറിച്ച് റബ്ബ് എന്ന പദം നൂറുക്കണക്കിന് ഇടങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്; അസംഖ്യം സ്ഥലങ്ങളിൽ. വിശുദ്ധഖുർആന്റെ ആദ്യഅദ്ധ്യായത്തിൽതന്നെ റബ്ബ് എന്ന പദം ഉപയോഗിച്ചുകൊണ്ട് അല്ലാഹുതന്റെ ശക്തിയും കഴിവും വിളംബരം ചെയ്ത് അവന്റെ മുമ്പിൽ കുനിയാനും സകല അനുഗ്രഹങ്ങളും റബ്ബുൽആലമീനിൽനിന്ന് തേടാനും പറഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ വിശുദ്ധഖുർആന്റെ അവസാനത്തിലും എല്ലാതരം നന്മകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും വ്യക്തിപരവും സാമൂഹികവും ദീനീപരവും ഭൗതികപരവുമായ പരീക്ഷകളിൽനിന്നുമെല്ലാം രക്ഷപ്പെടണമെങ്കിൽ താൻ റബ്ബാണെന്നും തന്റെ അഭയത്തിൽ വരണമെന്നും അല്ലാഹു പറയു

അഞ്ചാമതായി സ്തുതിയെ സർവ്വലോകപരി പാലനത്തോടു ചേർത്തുകൊണ്ട് മനുഷ്യന് യഥാർത്ഥ മായ സന്തോഷമുണ്ടാകുന്നത് അല്ലാഹുവിന്റെ ഗുണ മായ റബ്ബുൽ ആലമീൻ പ്രകടമാകുമ്പോഴാണ് എന്നു പറഞ്ഞിരിക്കുന്നു. ആരാണോ ലോകത്തിനുണ്ടായ നഷ്ടത്തിലേക്ക് നോക്കാതെ തനിക്കുണ്ടായ നേട്ട ത്തിൽ സന്തോഷിക്കുന്നത് അവൻ ഇസ്‌ലാമിക അദ്ധ്യാപനം മനസ്സിലാക്കാത്തവനാണ്. ലോകത്തു ള്ളവരെല്ലാം സന്തോഷത്തിലാകുന്നതാണ് യഥാർത്ഥ സന്തോഷം.

ആറാമതായി പറഞ്ഞത് അല്ലാഹു ***റബ്ബുൽആ ലമീൻ*** ആകുന്നുവെന്നാണ്. ഇത് സൂചിപ്പിക്കുന്നത് അല്ലാഹുവിനെ കൂടാതെ എല്ലാ വസ്തുക്കളുടേയും പരിപാലനം ചിന്താർഹമാകുന്നുവെന്നാണ്. അതായ ത്, യവലൂഷൻ അഥവാ പരിണാമസിദ്ധാന്തത്തിന് വിധേയമാണ്. ആദ്യവും അവസാനവും ഒരുപോലെ യായിരിക്കുന്ന ഒരു വസ്തുവും ലോകത്തില്ലെന്ന് പറ ഞ്ഞിരിക്കുന്നു. ചെറിയ അവസ്ഥയിൽനിന്ന് അഭി വൃദ്ധി പ്രാപിച്ച് ഓരോ വസ്തുവും ഉന്നതിയിലേക്ക് നീങ്ങുന്നു. അത് ഒരു പരിധിയിലെത്തിയതിനുശേഷം മങ്ങാൻ തുടങ്ങുന്നു. വിശുദ്ധഖുർആനിൽ വിവിധ വചനങ്ങളിൽ ഈ പരിണാമത്തെക്കുറിച്ച് പറഞ്ഞി ട്ടുണ്ട്. അ ല്ലാഹുവിന്റെ അസ്തിത്വത്തിൽ മാത്രമാണ് ഒരു മാറ്റവും ഉണ്ടാകാത്തത്. ഇതിൽനിന്ന് രണ്ട് കാര്യ ങ്ങൾ സ്ഥാപിതമാകുന്നു. ഒന്ന്, അല്ലാഹുവിനെ കൂടാതെ എല്ലാ വസ്തുക്കളും സൃഷ്ടികളാണ്. കാരണം ഏതൊന്നാണോ വളരുന്നത് അല്ലെങ്കിൽ ഏതൊന്നിലാണോ മാറ്റംസംഭവിക്കുന്നത് അത് സ്വയ മേവ ഉള്ളതായിരിക്കുകയില്ല. രണ്ടാമത്തേത് പരിണാ മസിദ്ധാന്തം ശരിയാണെന്നുള്ളതാണ്. താഴെമുതൽ മുകൾവരെയുള്ള എല്ലാ വസ്തുക്കളും നൽകുന്നത് അല്ലാഹുവാണ്. എല്ലാ വസ്തുവും ആ വൃത്തത്തി നുള്ളിലാണ്.

ഏഴാമത്തെ കാര്യം ഏതെങ്കിലും വസ്തുവിന് വിവിധ നേരങ്ങളിലും വിവിധ ഘട്ടങ്ങളിലും അഭി വൃദ്ധി നൽകി പൂർത്തിയാക്കുക എന്നതാണ്. അങ്ങനെ വരുമ്പോൾ വിവിധ സമയങ്ങളിലും വിവിധ ഘട്ടങ്ങളിലും പരിണാമവും ഉണ്ടാകുന്നു.

എട്ടാമത്തെ കാര്യം പരിണാമം അല്ലാഹുവിന്റെ അസ്തിത്വത്തിന് എതിരല്ല എന്നതാണ്. മറിച്ച്, ഓരോ ഘട്ടങ്ങളിലും അവൻ സ്തുത്യർഹനായിത്തീരുന്നു. ന്നു. ഇതിന്റെ വിശദീകരണം ഫലഖ്, നാസ് എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. അതിനാൽ യഥാർത്ഥ റബ്ബ് അവൻ തന്നെയാണ്. അവനിൽനി ന്നകന്നാൽ ഭൗതികവും ആദ്ധ്യാത്മികവുമായ ഒന്നും നിങ്ങൾക്ക് ലഭിക്കുകയില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ വിഷയത്തെ സംബന്ധിച്ച് വിശദീ കരിച്ച് പറഞ്ഞിട്ടുണ്ട്. അതിന്റെ ചുരുക്കം ഞാൻ പറ യാം. ഒന്നാമത്തെ കാര്യം ഈ പ്രപഞ്ചത്തിന്റെ കർത്താവ് എല്ലാവിധ ന്യൂനതകളിൽനിന്നും പരിശു ദ്ധനും എല്ലാ സവിശേഷ ഗുണങ്ങളുടേയും സമുച്ച യവുമാണ്. രണ്ടാമത്തേത് അവൻ സകലസൃഷ്ടിക ളുടേയും സത്തയേയും യാഥാർത്ഥ്യത്തേയും കുറി ച്ചറിയുന്നവനാണ്. കഴിഞ്ഞുകടന്നതും നിലവിലു ള്ളതും വരാൻ പോകുന്നതുമായ സകല വസ്തുക്ക ളുടേയും യാഥാർത്ഥ്യം അവന്നറിയാം. ശാസ്ത്രജ്ഞ ന്മാർ റിസർച്ച് ചെയ്യുന്നു. പുതിയ പുതിയ അറിവു കൾ നമുക്ക് നൽകുന്നു. എങ്കിലും അവരുടെ അറിവ് പൂർണ്ണമാണെന്ന് പറയാൻ കഴിയില്ല. ഒരു തത്ത്വം ഒരു ശാസ്ത്രജ്ഞൻ സമർപ്പിക്കുന്നു. മറ്റൊരുവൻ അതിനെ ഖണ്ഡിച്ചുകൊണ്ട് തെളിവുകൾ നിര ത്തുന്നു; അല്ലാഹു മാർഗ്ഗദർശനം നൽകിയിട്ടുള്ളവ രൊഴികെ. അവർക്കും ഒരു വസ്തുവിനെക്കുറിച്ച് ഒരു പരിധിവരെ മാത്രമെ അറിയാൻ കഴിയുകയുള്ളൂ. പൂർണ്ണമായ അറിവ് നേടാൻ അവർക്കും കഴിയുക യില്ല.

മൂന്നാമത്തേത് അല്ലാഹു പരിപൂർണ്ണമായ സ്തുതിയുടെ അധികാരിയാണെന്നതാണ്. പരിപൂർണ്ണ മായ സ്തുതിയുടെ അധികാരിയായെങ്കിൽ മാത്രമേ റബ്ബുൽആലമീൻ എന്നു പറയാൻ പറ്റുകയുള്ളൂ. അത് കൂടാതെ സാധ്യമല്ല.

നാലാമത്തേതായി പറഞ്ഞത് മനുഷ്യനിൽ എന്തെന്തെല്ലാം സവിശേഷതകളുണ്ടോ ഉദാഹരണ ത്തിന് സാമർത്ഥ്യം, ആത്മീയവും ഭൗതികവുമായ വളർച്ച തുടങ്ങിയവയെല്ലാം ആ റബ്ബുൽ ആലമീന്റെ അനുഗ്രഹങ്ങളാണ്. തന്റെ ഗുണങ്ങൾ പറയുന്നതിന് പകരം മനുഷ്യൻ അല്ലാഹുവിനെ സ്തുതിക്കുക യാണ് വേണ്ടത്. കാരണം യഥാർത്ഥ സ്തുതി ക്കർഹൻ അവനാണ്. എന്നാൽ, റബ്ബിനെക്കുറിച്ച് ശരി യായി അറിയാത്തവൻ തനിക്കുണ്ടാകുന്ന വിജ യത്തെ, തന്റെ എന്തെങ്കിലും നല്ല പ്രവർത്തിയെ സ്വന്തം വലിപ്പത്തം എന്ന നിലയിലാണ് സമർപ്പിക്കു ന്നത്. ഇത് സത്യവിശ്വാസിക്ക് ചേർന്നതല്ല.

സത്യവിശ്വാസി ഓരോ അഭിവൃദ്ധിഘട്ടത്തിലും ***അൽഹംദുലില്ലാഹ്*** എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു.

ഒമ്പതാമത്തെ കാര്യം മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് അതിരില്ലാത്ത അഭിവൃദ്ധി കരസ്ഥമാക്കുന്നതിനുവേണ്ടിയാണെന്നുള്ളതാണ്. അവന്റെ പാദം ആദ്യത്തേക്കാൾ കൂടുതൽ മുന്നോട്ടു നീങ്ങണം. അറിവിൽ അഭിവൃദ്ധിപ്പെടുക, നന്മകളിൽ മുന്നേറുക. ആരാധനകളിൽ വളരുക. എന്നിട്ട് റബ്ബുൽ ആലമീനോട് നന്ദി പറയുക. കാരണം അവൻ തന്റെ പരിപാലനം അനുസരിച്ചാണ് നിങ്ങൾക്ക് ഈ അവസരങ്ങൾ നൽകിയത്. മഹാത്മാക്കൾ എന്നു പറയുന്ന ചില നാമമാത്ര ആളുകളുണ്ട്. ചിലർ സൂഫിതരക്കാരാണ്. അവർ മനസ്സിലാക്കുന്നത് തങ്ങൾ ദൈവത്തെ പ്രാപിച്ചതുകൊണ്ട് തങ്ങൾക്കിനി ആരാധനാകർമ്മങ്ങൾ ആവശ്യമില്ലെന്നാണ്. നമസ്കരിക്കേണ്ട ആവശ്യമില്ലെന്നാണ്. പ്രാപിക്കേണ്ടത് പ്രാപിച്ചുവത്രെ! എന്നാൽ, റബ്ബ് എന്ന വിശേഷഗുണം അവസാനനാൾവരെ മനുഷ്യനെ വഴി കാണിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ് വാസ്തവം.

അവസാനത്തെ കാര്യം അല്ലാഹുവിനുള്ള പരിപൂർണ്ണമായ സ്തുതിയാണ്. ഇസ്‌ലാം വരുന്നതോടെയാണ് അത് ആരംഭിക്കുന്നത്. കാരണം ഇസ്‌ലാം റബ്ബുൽ ആലമീൻ എന്ന സവിശേഷഗുണത്തിന്റെ പരിപൂർണ്ണ പ്രതിരൂപമാണ്. മുഴുലോകത്തിനും വേണ്ടിയാണ് അത് വന്നിട്ടുള്ളത്. അത് മുമ്പേയുള്ള മതങ്ങളെപ്പോലെ ഒരു പ്രത്യേകവിഭാഗക്കാർക്കുവേണ്ടിയല്ല. ഭൗതികമായ ലോകത്തെപ്പോലെ ആത്മീയമായ ലോകത്തും ഐക്യം സൃഷ്ടിക്കാൻ വേണ്ടി അയച്ചിട്ടുള്ള മതം ഇസ്‌ലാമാണ്. മുഴുലോകത്തിനും മുഴുവൻ രാജ്യങ്ങൾക്കും ഒരേയൊരു ദൈവമേയുള്ളൂ. അവൻ റബ്ബുൽ ആലമീനാണ്. അതുകൊണ്ട് ഈ ദൈവത്തിന് ചുറ്റും സംഘടിക്കുന്നതിലാണ് ലോകത്തിന് ഇന്ന് രക്ഷയുള്ളത്, മോക്ഷം ഉള്ളത്.

അതുകൊണ്ട് അഹ്മദികളായ നാം ഈ റബ്ബുൽ ആലമീന്റെ സന്ദേശം മുഴുലോകത്തിനും എത്തിച്ചുകൊണ്ട് മുഴുലോകത്തേയും അവന്റെ പ്രിയനബി(സ)യുടെ കീഴിൽ അണിനിരത്താൻ ശ്രമിക്കേണ്ടതാണ്. ലോകത്തിന് റബ്ബുൽ ആലമീനെക്കുറിച്ച് പരിചയപ്പെടുത്താനുള്ള മാർഗ്ഗവും ഇതൊന്നുമാത്രമാണ്. ഞാൻ പറഞ്ഞതുപോലെ വിശുദ്ധഖുർആന്റെ ആരംഭത്തിലും അല്ലാഹു തന്റെ പരിപാലനത്തെക്കുറിച്ച് പറഞ്ഞു. ആ പരിപാലനത്തിൽ നിലകൊള്ളാൻ അതിന്റെ അവസാനത്തിൽ പ്രാർത്ഥനയും പഠിപ്പിച്ചു. അവനെ ഒരു സത്യവിശ്വാസി എല്ലാത്തിന്റേയും അധികാരിയും ആരാധ്യനുമായി മനസ്സിലാക്കിക്കൊണ്ട് അവനിലേക്ക് കുനിയുകയും അങ്ങനെ അവന്റെ അഭയത്തിൽ കഴിയുകയും ചെയ്യാൻ വേണ്ടിയാണിത്.

വിശുദ്ധഖുർആനിൽ സൂറഃഫാത്തിഹ മുതൽ സൂറാഃനാസ് വരെ വിവിധ സ്ഥലങ്ങളിൽ ഏകദേശം എല്ലാ അദ്ധ്യായങ്ങളിലും അല്ലാഹു തന്റെ പരിപാലനത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് കല്പനകൾ നല്കിയിട്ടുണ്ട്. അല്ലെങ്കിൽ പ്രാർത്ഥനകൾ പഠിപ്പിച്ചിട്ടുണ്ട്. ഈ എല്ലാ കാര്യങ്ങളും നമ്മളിൽനിന്ന് തേടുന്നത്, ഓരോ അഹ്മദിയും തങ്ങളുടെ റബ്ബുമായി സുദൃഢബന്ധം സ്ഥാപിക്കണമെന്നും ബുദ്ധിമുട്ടുകളും താൽക്കാലിക തടസ്സങ്ങളും മുഖേന ഒരു തരത്തിലും ഒരഹ്മദിയുടേയും ചുവടുകൾ ഇളകിപ്പോകരുതെന്നുമാണ്.

അലസതകളെ ദൂരത്തെറിയുക. നിങ്ങളുടെ റബ്ബുമായി ബന്ധം സ്ഥാപിക്കുക. അവന്റെ കല്പനകൾ പാലിച്ച് ജീവിക്കാൻ ശ്രമിക്കുക. അസ്ഹാബുൽ കഹ്ഫ് സഹിച്ച ബുദ്ധിമുട്ടുകളെ കുറിച്ച് വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. നോക്കുക, ബുദ്ധിമുട്ടുകളെക്കുറിച്ച് പറയുമ്പോൾ അസ്ഹാബുൽ കഹ്ഫ് അനുഭവിച്ച ബുദ്ധിമുട്ടുകളാണ് വിശുദ്ധഖുർആൻ എടുത്തുപറയുന്നത്. ജുസുഇന്റെ ക്രമം നോക്കുകയാണെങ്കിൽ ഇത് വിവരിച്ചിട്ടുള്ള അദ്ധ്യായം വിശുദ്ധഖുർആന്റെ ഏകദേശം മദ്ധ്യഭാഗത്താണ് വരുന്നത്. ഇതിൽ തങ്ങളുടെ ഏകനും തനിച്ചുള്ളവനുമായ റബ്ബിനുവേണ്ടി ബുദ്ധിമുട്ടുകൾ അനുഭവിച്ചവരെക്കുറിച്ച് പറയുന്നു. അവർ അക്രമം സഹിച്ചു. വധിക്കപ്പെട്ടു. പക്ഷേ, എപ്പോഴും തങ്ങളുടെ രക്ഷിതാവിനെ തിരിച്ചറിഞ്ഞു, അവന്റെ മുമ്പിൽ കുനിഞ്ഞു. അവസാനം അല്ലാഹുവിന്റെ പാരിതോഷികങ്ങൾക്ക് അവകാശികളുമായി.

നമ്മൾ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരാണെന്ന് ഓരോ അഹ്മദിയും നല്ലവണ്ണം മനസ്സിലാക്കേണ്ടതാണ്. നമുക്ക് നമ്മുടെ റബ്ബുമായി സുദൃഢബന്ധമുണ്ടാകണം. അസ്ഹാബുൽ കഹ്ഫ് അഥവാ ഗുഹാവാസികൾ അനുഭവിച്ച പരീക്ഷണങ്ങളൊന്നും ഇതുവരെ നമ്മുടെമേൽ വന്നിട്ടില്ല. അവ

രാണെങ്കിൽ ആ അവസ്ഥകളുണ്ടായിട്ടും തങ്ങളുടെ റബ്ബിന്റെ കല്പനകളെ ഉപേക്ഷിച്ചുകളഞ്ഞില്ല. അല്ലാഹു ദീൻ പൂർത്തിയാക്കിക്കൊടുത്ത നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണ് നമ്മൾ. അഹ്മദിയ്യത്ത് ഏതൊരു ദുർഘടഘട്ടത്തിലൂടെയാണോ കടന്നുപോകുന്നത് അതും അസ്ഹാബുൽ കഹ്ഫ് അനുഭവിച്ചത്രയില്ല. അഹ്മദിയ്യത്തിൽ അധികമാളുകളും സമാധാനത്തോടും സൗഖ്യത്തോടും കൂടി കഴിയുന്നവരാണ്. അതുകൊണ്ട് നമ്മുടെ റബ്ബിനെ തിരിച്ചറിഞ്ഞും അവന് നന്ദി കാണിച്ചും അവന്റെ മുമ്പിൽ എപ്പോഴും നാം കുമ്പിട്ടുകൊണ്ടിരിക്കേണ്ടതാണ്. ഏതൊരു നബിയിലാണോ അല്ലാഹു ദീൻ പൂർത്തിയാക്കിയത് ആ നബിയെ വിശ്വസിക്കുന്നവരാണെന്ന ബോധം എപ്പോഴും നമുക്കുണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിനെ കുറിച്ചുള്ള അറിവ് അസ്ഹാബുൽ കഹ്ഫിനെക്കാൾ കൂടുതൽ നമുക്കാണ് നൽകിയിരിക്കുന്നത്. ഇക്കാര്യത്തെ മുന്നിൽവെച്ചുകൊണ്ട് ഓരോ അഹ്മദിക്കും തങ്ങളുടെ റബ്ബുമായിട്ടുള്ള ബന്ധം സുദൃഢമാക്കേണ്ടതാണ്. അവരെ സഹായിച്ചതിനേക്കാൾ കൂടുതൽ അല്ലാഹു നമ്മെ സഹായിക്കുന്നവനാണ്. സുഖത്തിലും കഷ്ടപ്പാടിലും ഞെരുക്കത്തിലും ഐശ്വര്യത്തിലുമെല്ലാം ഈ റബ്ബുമായിട്ടാണ് നമ്മുടെ അഭിവൃദ്ധി ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഈ സവിശേഷഗുണത്തിൽ ചിന്തിച്ച് ഓരോ അഹ്മദിയും തങ്ങളുടെ റബ്ബുമായിട്ടുള്ള ബന്ധം സുദൃഢമാക്കിത്തീർക്കുക.

മറ്റൊന്ന്, പാശ്ചാത്യരാജ്യങ്ങളിൽ തങ്ങളുടെ ദൈവത്തെ മറന്നുകൊണ്ടിരിക്കുന്ന ജനങ്ങളാണുള്ളത്. എന്നല്ല ഇപ്പോൾ ലോകം മുഴുവൻ ഇതുതന്നെയാണ് അവസ്ഥ. ഏകനായ ദൈവത്തെ ഉപേക്ഷിച്ചുകൊണ്ട്- അവനെ സ്വീകരിച്ചതുകൊണ്ടാണ് അവർക്ക് എല്ലാ അനുഗ്രഹങ്ങളും കിട്ടിയത്- മൂന്ന് ദൈവത്തിന്റെ നീർച്ചുഴിയിൽപ്പെട്ടിരിക്കുന്നു. ഇതിന്റെ ഫലമായി മതപരമായിട്ട് അവർ പാപ്പരായിപ്പോയി. ഉണ്ടാകേണ്ടിയിരുന്നതും അങ്ങനെ തന്നെ. ഇവരിൽ വലിയൊരു വിഭാഗം ദൈവനിഷേധികളായിത്തീർന്നു. അതിനാൽ റബ്ബിനെ ശരിയായനിലയിൽ തിരിച്ചറിയാനും പീഡനങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച ആ യഥാർത്ഥ വിശ്വാസികളുടെ ത്യാഗത്തിന്റെ ഫലമായിട്ടാണ് ലോകം മുഴുവൻ ഇന്ന് നിങ്ങൾ വ്യാപിച്ചിട്ടുള്ളതെന്നും അതുകൊണ്ട് സർവ്വലോക പരിപാലകനായ നിങ്ങളുടെ ആ ദൈവത്തെ തിരിച്ചറിയുക എന്നും അവനോടൊപ്പം ഒന്നിനേയും പങ്കുചേർക്കരുതെന്നും നിങ്ങളുടെ നബിമാരുടെ യഥാർത്ഥ അദ്ധ്യാപനങ്ങളിലും അവരുടെ പ്രവചനങ്ങളിലും ചിന്തിക്കുകയെന്നും പ്രവചനം ചെയ്യപ്പെട്ടിട്ടുള്ളതും എല്ലാ നബിമാരിലും ശ്രേഷ്ഠനുമായി വന്ന മുഹമ്മദ്(സ)യെ തിരിച്ചറിയുക എന്നും അതിലാണ് മോക്ഷം എന്നും നിങ്ങളുടെ അസ്വസ്ഥത അകറ്റാനുള്ള പരിഹാരം ഇതു മാത്രമാണെന്നും അവർക്ക് പറഞ്ഞുകൊടുക്കേണ്ട ബാധ്യത ഓരോ അഹ്മദിക്കും ഉണ്ട്. ഇതു കൂടാതെ നിങ്ങളുടെ ജീവിതത്തിൽ സ്വസ്ഥത ലഭിക്കുകയില്ല. ഞാൻ ആദ്യമേ വിശദീകരിച്ചുവന്നതുപോലെ സർവ്വലോകപരിപാലകനെ വിശ്വസിക്കുന്നവർ തങ്ങളുടെ മാത്രം ക്ഷേമത്തെക്കുറിച്ച് ചിന്തിക്കുകയില്ല. മറിച്ച്, മറ്റുള്ളവരെ നഷ്ടത്തിൽനിന്നും രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു. അല്ലാഹു ഓരോ അഹ്മദിക്കും ഇതിന് തൗഫീഖ് നൽകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ഇതിനുശേഷം വരുന്നത് റബ്ബുൽ ആലമീൻ എന്ന പദമാണ്. എല്ലാ ന്യൂനതകൾക്കുമതീതവും സൗന്ദര്യത്തിന്റേയും ഔദാര്യത്തിന്റേയും അത്യുന്നത നിലയിൽ വിലസുന്നവനുമാണ് അല്ലാഹു. അവനിൽ എല്ലാ സവിശേഷ ഗുണങ്ങളും പരിപൂർണ്ണമായി സമ്മേളിച്ചിരിക്കുന്നു. ഇത് അതുല്യമായ ആ സത്തയിലേക്ക് ജനങ്ങൾ ആകർഷിക്കുന്നതിനും ആത്മാവേശത്തോടും ആകർഷണത്തോടുംകൂടി അവനെ ആരാധിക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് ഔദാര്യത്തിന്റെ പ്രഥമ ഗുണമായ റബ്ബുൽആലമീൻ എന്ന ഗുണവിശേഷം ആദ്യം പ്രകടിപ്പിച്ചു. ഇതുമുഖേന സർവ്വസൃഷ്ടികളും പരിപാലനത്തിന്റെ ഉറവിൽ നിന്ന് ഫലമെടുക്കുന്നു. എന്നാൽ, ഇതിന്നെതിരിലുള്ള സകല മതങ്ങളും ഈ ഗുണവിശേഷത്തെ നിരാകരിച്ചിരിക്കുകയാണ്. ഉദാഹരണത്തിന് ആര്യസമാജക്കാർ വിശ്വസിക്കുന്നത് മനുഷ്യന് കിട്ടുന്നതെല്ലാം അവന്റെ സ്വന്തം കർമ്മഫലം കൊണ്ടാണെന്നാണ്. ദൈവത്തിന്റെ പരിപാലനത്തിന് അവർ ഒരിക്കലും ഭാഗ്യവാന്മാരല്ല. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ ആത്മാക്കളുടെ സ്രഷ്ടാവ് ദൈവമാണെന്ന് വിശ്വസിക്കുന്നില്ല. എന്നല്ല, അവയെ പരാശ്രയരഹിതമായിട്ടാണ് മനസ്സിലാക്കുന്നത്. അപ്പോൾ റുബൂബിയ്യത്ത് അഥവാ പരിപാലനം എന്ന ദൈവഗുണത്തേയും നിഷേധിക്കേണ്ടി വരുന്നു. അപ്രകാരംതന്നെ

ക്രിസ്ത്യാനികളും ദൈവത്തിന്റെ ഈ ഗുണത്തെ നിഷേധിക്കുന്നവരാണ്. കാരണം അവർ യേശുവിനെ തങ്ങളുടെ പരിപാലകനായി മനസ്സിലാക്കുന്നു. റബ്ബനൽ മസീഹ്, റബ്ബനൽ മസീഹ്, മസീഹ് ഞങ്ങളുടെ റബ്ബാണ്, മസീഹ് ഞങ്ങളുടെ റബ്ബാണ് എന്ന് പറഞ്ഞ് നാടുമുഴുവനും അവർ ചുറ്റുന്നു. അല്ലാഹുവിനെ പ്രപഞ്ചനാഥനായി അംഗീകരിക്കുന്നില്ല. എന്നല്ല, മസീഹ് ദൈവത്തിന്റെ പരിപാലനത്തിൽനിന്ന് സ്വതന്ത്രനാണെന്ന് പറയുന്നു. സ്വയം അദ്ദേഹത്തെ പരിപാലകനായി വിശ്വസിക്കുന്നു. ഇപ്രകാരം ഹിന്ദുക്കളും ആ സത്യത്തെ നിഷേധിക്കുന്നവരാണ്. കാരണം അവർ എല്ലാ ഓരോ വസ്തുക്കളേയും തങ്ങളുടെ രക്ഷകരായി വിശ്വസിക്കുന്നു.

ബ്രഹ്മസമാജക്കാരും ദൈവത്തിന്റെ പരിപൂർണ്ണമായ പരിപാലനത്തെ നിഷേധിക്കുന്നവരാണ്. കാരണം അവർ വിശ്വസിക്കുന്നത് ദൈവം ചെയ്യേണ്ടതെല്ലാം ഒറ്റയടിക്ക് ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നും സർവ്വലോകവും അതിലെ ശക്തികളും ഒരു പ്രാവശ്യം സൃഷ്ടിച്ചുകഴിഞ്ഞാൽ അവസാനകാലം വരെ അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുമാണ്. ഇനി അല്ലാഹുവിന് അതിന്റെമേൽ നിയന്ത്രണമൊന്നുമില്ല. അവയിൽ ഒരുതരത്തിലുള്ള മാറ്റം വരുത്താനും സാധ്യമല്ല. അവരുടെ ദൃഷ്ടിയിൽ അല്ലാഹു ഇപ്പോൾ ജോലിയൊന്നുമില്ലാതെ ഇരിക്കുന്നവനാണ്.

ചുരുക്കത്തിൽ ഏത് മതത്തെ പരിശോധിച്ചാലും വ്യക്തമായും മനസ്സിലാകുന്നത് അവർ അല്ലാഹുവിനെ റബ്ബ് അഥവാ പരിപാലകനായി കാണുന്നില്ല എന്നാണ്. ഓരോ നിമിഷവും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഉന്നതമായ ദൈവഗുണം ഇസ്‌ലാം മാത്രമാണ് വിവരിക്കുന്നത്. എന്നല്ല, ഈ ദൈവഗുണത്തിന്നെതിരെ മറ്റ് മതാനുയായികൾ സ്വയം പടച്ചുണ്ടാക്കിയിട്ടുള്ള തെറ്റായതും നിരർത്ഥകമായതുമായ എല്ലാ വിശ്വാസങ്ങളേയും ഈയൊരു പദം ഉന്മൂലനം ചെയ്യുന്നു.

റബ്ബുൽ ആലമീനെ കണ്ടറിയാനുള്ള കഴിവ് ഓരോ അഹ്മദിക്കും അല്ലാഹു വർദ്ധിപ്പിച്ചുത്തരുമാറാകട്ടെ. ആ ദൈവത്തെ മറ്റുള്ളവർക്കും പരിചയപ്പെടുത്തിക്കൊടുക്കാനും അങ്ങനെ സകല ലോകവും ആ ഒരേയൊരു ദൈവത്തെ ആരാധിക്കുന്നവരായി മാറാനും അവന് നന്ദികാണിക്കുന്നവരായിത്തീരാനും അവൻ അനുഗ്രഹിക്കട്ടെ. അവൻ നമുക്കെല്ലാം റബ്ബാണ്. റബ്ബുൽ ആലമീനാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 17.11.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala